# ആമുഖം

# നഗരവാസിയായ ഒരു കുട്ടി

ഇ. ഹരികുമാർ

1960 ലാണ് ഞാൻ കൽക്കത്തയിലെത്തിയത്, പതിനേഴാം വയസ്സിൽ. 23 കൊല്ലം നീണ്ടുനിന്ന പ്രവാസജീവിതം എന്റെ ലോകത്തെ വലുതാക്കുകയായിരുന്നു. പൊന്നാനിയെപ്പോലെ ഒരു നാട്ടിൻപുറത്തു നിന്ന് കൽക്കത്ത പോലുള്ള മഹാനഗരത്തിലേയ്ക്കുള്ള മാറ്റം എന്റെ അനുഭവമണ്ഡലത്തെ സമ്പന്നമാക്കുകയും ജീവിതവീക്ഷണം വികസിപ്പിക്കുകയും ചെയ്തു. നാട്ടിൻപുറത്തെ കൊച്ചുകൊച്ചു കാര്യങ്ങൾക്കപ്പുറത്ത് വിശാലമായൊരു ലോകവും അതിൽ വളരെ സങ്കീർണ്ണമായ ജീവിതങ്ങളും ഉണ്ടെന്ന് മനസ്സിലാവുന്നത് നമ്മൾ ഒരു മഹാനഗരത്തിൽ താമസിക്കുമ്പോൾ മാത്രമാണ്. അതുവരെ നഗരജീവിതത്തെക്കുറിച്ച് നമ്മുടെ ഭാവനയിലുള്ള ചിത്രങ്ങൾ എത്ര അപൂർണ്ണവും അവ്യക്തവുമാണെന്ന് മനസ്സിലാവുന്നു. തൊള്ളായിരത്തി അറുപതു മുതൽ തൊള്ളായിരത്തി എഴുപതുവരെ നീണ്ടുനിന്ന കൽക്കത്തയിലെ ജീവിതമാണ് എന്നെ ഞാനാക്കിയത് എന്നു പറയാം. അനുഭവങ്ങളുടെ സമ്പന്നത മാത്രമായിരുന്നില്ല എന്റെ നേട്ടം. നമ്മിലേയ്ക്കിറങ്ങിവരുന്ന സംസ്കാരം. ന്യൂ ആലിപ്പൂരിലെ നാഷനൽ ലൈബ്രറി അറിവിന്റെ ഭണ്ഡാരമായിരുന്നു. എന്റെ വായനയുടെ മുഴുവൻ സ്രോതസ്സ് നാഷനൽ ലൈബ്രറിയായിരുന്നെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. എഴുപതിൽ കൽക്കത്ത വിട്ടപ്പോൾ എനിക്കു നഷ്ടപ്പെട്ടത് എന്റെ വായനയായിരുന്നു. എനിക്കു നഷ്ടപ്പെട്ടത് ലോകസാഹിത്യത്തിലെ ഒരു വലിയ നിരയായിരുന്നു. സാഹിത്യത്തിനു പുറമെ ചിന്തകന്മാരുടെയും കലാവിമർശകരുടെയും മറ്റും വിലമതിക്കാനാവാത്ത ഒരു ശേഖരം നാഷനൽ ലൈബ്രറിയിലുണ്ടായിരുന്നു. ധാരാളം ശാസ്ത്രഗ്രന്ഥങ്ങൾ എനിക്ക് വായിക്കാൻ ഇടവന്നത് നാഷനൽ ലൈബ്രറിയിൽനിന്നാണ്. അവിടെ മലയാളം വകുപ്പിന്റെ മേധാവിയായിരുന്ന ശ്രീ കെ.എം. ഗോവി വളരെയധികം സഹായിച്ചിട്ടുണ്ട്. ചിത്രകലയിലെ ആചാര്യന്മാരെ ഞാൻ പരിചയപ്പെടുന്നത് അവിടെവച്ചാണ്. കാൾ ഗുസ്റ്റവ് യുങ്ങ്, ഫ്രോയ്ഡ്, ഹെർബർട്ട് റീഡ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ എങ്ങിനെ കലയുടെ ആഴങ്ങളിലേയ്ക്കു കടന്നു ചെല്ലാമെന്ന് എന്നെ പഠിപ്പിച്ചു. ഇതിന്റെയൊക്കെ ഫലമായി എന്റെ സർഗ്ഗാത്മകയത്നങ്ങൾക്ക് ആഴവും പരപ്പും ലഭിക്കുകയുണ്ടായി. ചിത്രകലയോടുണ്ടായ അഭിനിവേശം എന്റെ സാഹിത്യത്തെ ഒരു പ്രത്യേക വഴിയ്ക്ക് നയിക്കുകയുണ്ടായി. 'കൂറകൾ' എന്ന ആദ്യസമാഹാരത്തിലെ കഥകൾ ശ്രദ്ധിച്ചാൽ മനസ്സിലാവും മിക്കവാറും കഥകൾ ചിത്രകലയുടെ സ്വാധീനത്തിൻ എഴുതപ്പെട്ടവയാണെന്ന്.

പിന്നീട് ഞാൻ ശൈലി മാറ്റുകയും കൂടുതൽ ജീവിതഗന്ധിയായ കഥകൾ എഴുതുകയും ചെയ്തു. നഗരങ്ങളിലെ ജനജീവിതത്തെ കൂടുതൽ അടുത്തറിയാനും ജനങ്ങളുമായി കൂടുതൽ അടുത്ത് ഇടപഴകാനും അവസരം ലഭിച്ചതും ഇതിനൊരു കാരണമാകാം. മൂന്നുകൊല്ലം മുമ്പ് കൽക്കത്തയുടെ പശ്ചാത്തലത്തിൽ ഒരു നോവൽ (തടാകതീരത്ത്) എഴുതാൻ തുടങ്ങിയപ്പോൾ കൽക്കത്ത ജീവിതം എന്നിൽ ഇപ്പോഴും പച്ചപിടിച്ചു കിടക്കുകയാണെന്ന് അദ്ഭുതത്തോടെ ഞാൻ മനസ്സിലാക്കി. എഴുപതിലാണ് ഞാൻ ദില്ലിയിലെത്തുന്നത്. അവിടെ ധാരാളം മലയാളി സാഹിത്യകാരന്മാരുണ്ടായിരുന്നു. നാഷനൽ ആർട്ട് ഗ്യാലറിയും മറ്റ് സ്വകാര്യ ഗ്യാലറികളും ഉള്ളതുകൊണ്ട് അവിടെ നല്ലൊരു സാസ്കാരിക അന്തരീക്ഷമുണ്ടായിരുന്നുവെന്ന് പറയാം. സാഹിത്യകാരന്മാർക്കു പുറമെ കെ. ദാമോദരൻ, മുത്തുകോയ തുടങ്ങിയ ചിത്രകാരന്മാരുമായി ഞാൻ നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. പക്ഷെ എന്തുകൊണ്ടോ എന്റെ സാഹിത്യം ശരിക്കും വികസിച്ചത്, ഞാൻ ഇന്നത്തെ നിലയിലാവാനുള്ള മാർഗ്ഗം സ്വീകരിച്ചത് മുംബൈയിൽ നിന്നായിരുന്നു. എഴുപത്തിമൂന്നിലാണ് ഞാൻ മുംബൈയിലെത്തിയത്. അവിടത്തെ അന്തരീക്ഷം കൽക്കത്തയുമായി താരതമ്യപ്പെടുത്തുമ്പോൾ സാംസ്കാരികപരമായി താഴെത്തട്ടിലായിരുന്നെങ്കിലും എന്നെ സംബന്ധിച്ചേടത്തോളം എന്തുകൊണ്ടോ വളരെ സൃഷ്ടിപരമായാണ് അനുഭവപ്പെട്ടത്. ധാരാളം അനുഭവങ്ങൾ, അവ പലതും കഥകളായി രൂപം കൊണ്ടു. ശരിയ്ക്കു പറഞ്ഞാൽ ഞാൻ മുംബൈയിൽനിന്നെഴുതിയ മിക്ക കഥകളും അനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതിയവയാണ്. ജീവനുള്ള കഥാപാത്രങ്ങൾ, അവ എന്റെ കഥയ്ക്ക് മിഴിവു കൊടുത്തു. പല അനുഭവങ്ങളും വേദനാജനകമായിരുന്നു. പക്ഷെ കഥകൾ എത്രതന്നെ ദുഃഖപര്യവസായിയായാലും ശരി അതിന്നെല്ലാം അപ്പുറത്ത് പ്രത്യാശയുടെ മിന്നൽവെളിച്ചം ഞാൻ കണ്ടിരുന്നു. അതെന്റെ കഥകളെ ഒരു പ്രത്യേകതലത്തിലേയ്ക്ക് ഉയർത്താറുണ്ടെന്നാണ് എന്റെ അനുഭവം. എന്റെ അളവറ്റ ശുഭാപ്തിവിശ്വാസമായിരിക്കണം അതിനു കാരണം.

ദില്ലിയിൽ ധാരാളം സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും കൂട്ടുകെട്ടുണ്ടായിരുന്നുവെങ്കിലും ഞാൻ കാര്യമായ സംഭാവനകളൊന്നും നൽകിയിരുന്നില്ല. മറിച്ചായിരുന്നു മുംബൈജീവിതം.

അവിടെ ഞാൻ മലയാളി സമൂഹത്തിൽനിന്ന്, പ്രത്യേകിച്ചും സാഹിത്യകാരന്മാരിൽനിന്ന് അകന്നുള്ള ജീവിതമാണ് നയിച്ചിരുന്നത്. വേണമെന്നുവച്ചിട്ടല്ല. അവസരമുണ്ടായില്ല എന്നുമാത്രം. അവിടെ സ്ഥലങ്ങൾ തമ്മിലുള്ള ദൂരം അപാരമാണ്. ഞാൻ താമസിച്ചിരുന്ന ജുഹുവിൽ മലയാളികൾ വളരെ കുറവായിരുന്നു. പക്ഷെ ഞാൻ ധാരാളം എഴുതാൻ തുടങ്ങി. സാഹിത്യകാരന്മാരുമായുള്ള സംസർഗ്ഗമല്ല മറിച്ച് ജനജീവിതവുമായുള്ള അടുത്ത ബന്ധമാണ് സാഹിത്യസൃഷ്ടിയ്ക്ക് വേണ്ടത് എന്ന് എനിക്കു മനസ്സിലായി.

എന്റെ സൗന്ദര്യദർശനത്തെയും ചിന്തയെയും സ്വാധീനിച്ചത് യൂറോപ്യൻ, അമേരിക്കൻ എഴുത്തുകാരായിരുന്നു. പക്ഷെ ഞാൻ എന്റേതായ ഒരു സൗന്ദര്യദർശനം രൂപപ്പെടുത്തിയത് തികച്ചും ഭാരതീയമായ ഒരു പശ്ചാത്തലത്തിലാണ്. നമുക്ക് നമ്മുടെതായ ഒരു സംസ്കൃതിയുണ്ടെന്നും അതിനുമുകളിലേ നമ്മുടെ ഇഷ്ടികകൾ പടുക്കാൻ പാടുള്ളു എന്നും ഞാൻ മനസ്സിലാക്കി. ഈ മാനസികാവസ്ഥ രൂപപ്പെടുത്തുന്നതിൽ എന്റെ അച്ഛനടക്കം നമ്മുടെ കവികൾ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. കുമാരനാശാന്റെ പേർ പ്രത്യേകം എടുത്തു പറയണം.

മുംബൈയിലെ താമസത്തിനുള്ളിൽ, അത് എഴുപത്തിമൂന്നുമുതൽ എൺപത്തിമൂന്ന് വരെ നീണ്ടുകിടക്കുന്നു, ധാരാളം അനുഭവങ്ങളുണ്ടായിട്ടുണ്ട്. പലതും അവിസ്മരണീയങ്ങൾതന്നെ. ഞാൻ നേരത്തെ പറഞ്ഞപോലെ ഈ അനുഭവങ്ങൾ എന്റെ കഥകളിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പോരാത്തതിന് ഞാൻ അനുഭവക്കുറിപ്പുകൾ തന്നെ ഒരു പരമ്പരയായി വനിത, സ്ത്രീധനം (രാഷ്ട്രദീപിക), ഗൃഹലക്ഷ്മി, കലാകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിട്ടുണ്ട്. അവ താമസിയാതെ 'നീ എവിടെയാണെങ്കിലും' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അനുഭവങ്ങളുടെ വെളിച്ചത്തിലെഴുതപ്പെട്ട കഥകളിൽ പ്രധാനപ്പെട്ടവ 'ദിനോസറിന്റെ കുട്ടി', 'സൂര്യകാന്തിപ്പൂക്കൾ', 'ഒരു കങ്ഫൂഫൈറ്റർ', 'ഒരു വിശ്വാസി' തുടങ്ങിയവയാണ്. ഈ കഥകളിലെല്ലാംതന്നെ നേരത്തെ പറഞ്ഞ ശുഭാപ്തിവിശ്വാസത്തിന്റെ തിരനോട്ടം കാണാം.

എന്റെ നാൽപ്പത്തഞ്ചു കൊല്ലത്തെ സാഹിത്യശ്രമങ്ങൾ എത്തിനിൽക്കുന്നത് ഈ പുസ്തകത്തിലെ കഥകളിലാണ്. എനിയ്ക്ക് സംതൃപ്തി നല്കിയ കഥകൾ. നഗരവാസിയായ കുട്ടി, ഫോണിന്റെ മറുഭാഗത്ത്, ഓരോരുത്തർക്ക് ഓരോ ജീവിതം, ഇങ്ങിനെയും ഒരു ജീവിതം എന്നീ കഥകൾ ഞാൻ ആരുടെ ഭാഗത്താണെന്ന് തെളിയിക്കുന്നുണ്ട്. ഞാൻ എന്നും അവരുടെ ഭാഗത്തായിരുന്നു. അത്രതന്നെ ഭാഗ്യം ചെയ്തിട്ടില്ലാത്തവരുടെ കൂടെ.

(ശ്രീ. എം. ഗോകുൽദാസുമായുണ്ടായ ഇന്റർവ്യുവിൽനിന്നാണ് ചില ഭാഗങ്ങൾ ചേർത്തിട്ടുള്ളത്.)